## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2505** — **05.11.2019-ൽ മറുപടിക്ക്**

### കെ. ഫോൺ പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ. ഫോൺ പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ; | (എ) കെ. ഫോൺ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിൽ സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സഹായകമാകും. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലകോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് ഭാവിയിലേക്ക് ആവശ്യമായ ബാന്റ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യ സാക്ഷാത്ക്കാരം എങ്ങനെയെന്ന് വിശദമാക്കാമോ; | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യസാക്ഷാത്കാരം ചുവടെ ചേർക്കുന്നു.<br>1. എല്ലാ സർവ്വീസ് പ്രൊവൈഡർമാർക്കും (കേബിൾ ഓപ്പറേറ്റർ, ടെലികോം ഓപ്പറേറ്റർ. ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ. കണ്ടന്റ് സർവ്വീസ് പ്രൊവൈഡർ) തുല്യമായ അവസരം നൽകുന്ന ഓപ്റ്റിക് ഫൈബർ നെറ്റ് വർക്ക് സംസ്ഥാനത്ത് നിലവിൽ വരും.<br>2. ഐ.ടി പാർക്കുകൾ, എയർപോർട്ട്, തുറമുഖം തുടങ്ങിയ ഇടങ്ങളിൽ അതിവേഗ ഇന്റർനെറ്റ് ലഭ്യമാകും.<br>3. 30000-ൽ അധികം സർക്കാർ സ്ഥാപനങ്ങളിലും. വിദ്യഭ്യാസ സ്ഥാപനങ്ങളിലും 10 mbps-തൊട്ട് 1 Gbps വേഗതയിൽ നെറ്റ് കണക്ഷൻ ലഭ്യമാകും.<br>4. ആർട്ടിഫിഷൽ ഇന്റലിജെൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്സ്. സ്റ്റാർട്ടപ്പ്. സ്മാർട്ട് സിറ്റി തുടങ്ങിയ മേഖലകളിൽ കെഫോൺ സൗകര്യമൊരുക്കും.<br>5. ഗ്രാമങ്ങളിലും ചെറുകിട സംരംഭങ്ങൾക്ക് ഇ- |

| | | | |
|---|---|---|---|
| | | | കൊമോഴ്സ് വഴി വിൽപ്പന നടത്താം.<br>6. സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ മറ്റ് ഇ-സർവ്വീസുകൾക്ക് കൂടുതൽ ബാന്റ് വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെഫോൺ സഹായിക്കും<br>7. ഉയർന്ന നിലവാരമുള്ള നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാനും, ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമാക്കാനും കെഫോൺ പദ്ധതി സഹായിക്കും |
| (സി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ; | (സി) | നവംബർ 15-നകം കേബിളിങ്ങ് പ്രവൃത്തികൾ ആരംഭിക്കും. ഡിസംബർ മാസത്തിൽ നെറ്റ് വർക്ക് ഓപ്പറേഷൻ സെന്റർ (എൻ.ഒ.സി)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നത് കെ. എസ്. ഇ. ബി. നേരിട്ടാണോ മറ്റ് ഏജൻസി മുഖേനെയാണോയെന്ന് വിശദമാക്കുമോ? | (ഡി) | കെ.എസ്.ഇ.ബിയും കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്-ഉം ചേർന്നുള്ള സംയുക്ത സംരംഭമായ കെഫോൺ ലിമിറ്റഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്,ആർ.ഐ.റ്റി എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ